പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1788 | 14.07.2011 - ൽ മറുപടിക്ക് |
|---|---|

**മാരകരോഗങ്ങൾ ബാധിച്ചവർക്ക് വരുന്ന ചികിത്സാ ചെലവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഹൃദ്രോഗം, കാൻസർ, വൃക്ക, കരൾ സംബന്ധമായ ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ ഉദ്ദേശം എത്ര രൂപയുടെ ചെലവ് രോഗികൾക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | എ) | ഹൃദയ ശസ്ത്രക്രിയയ്ക്ക് 1 മുതൽ 1½ ലക്ഷം രൂപ വരെയും, ക്യാൻസർ ചികിത്സയ്ക്ക് 50,000/- മുതൽ 2½ ലക്ഷം വരെയും വൃക്കമാറ്റി വെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 2 ലക്ഷം രൂപ വരെയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. കരൾ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വരുന്ന ചെലവ് കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല. |
| ബി) | ഇത്തരം ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്ന തുകയെത്രയാണെന്നും ഇത് എന്തിന് വേണ്ടിയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ? | ബി) | ഇത്തരം ചികിത്സയ്ക്ക് സാധാരണയായി വാർഷിക വരുമാനം 20,000/- രൂപയിൽ കുറവായിട്ടുള്ളവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,000/- രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ 5,000/- രൂപയിൽ കൂടുതൽ തുക പ്രത്യേക കേസായി പരിഗണിച്ച് നൽകാറുണ്ട്. |

സെക്ഷൻ ആഫീസർ